# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:2697

17.06.2019-ലെ മറുപടി

## പാറശ്ശാല നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികളുടെ അവസ്ഥ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി.കെ. ഹരീന്ദ്രൻ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കിഴക്കൻമല ,കൊല്ലയിൽ, കുന്നത്തുകാൽ എന്നീ കുടിവെള്ള പദ്ധതികളുടെ നിലവിലെ അവസ്ഥ എന്താണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | 1. കിഴക്കൻമല കുടിവെള്ളപദ്ധതി<br>ആര്യങ്കോട്, പെരുങ്കടവിള പഞ്ചായത്തുകൾക്ക് പ്രയോജനം ലഭിക്കുന്ന കിഴക്കൻമല കുടിവെള്ള പദ്ധതിക്ക് സർക്കാർ 38.50 കോടി രൂപയ്ക്ക് തത്വത്തിൽ അംഗീകാരം നൽകി കിഫ്ബി-യിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി കിഫ്ബിയുടെ പരിഗണനയിലാണ്.<br><br>2. കൊല്ലയിൽ കുടിവെള്ള പദ്ധതി<br>കൊല്ലയിൽ പഞ്ചായത്തിലേക്ക് കാളിപ്പാറ പദ്ധതിയിൽ നിന്നും ശുദ്ധജലം നേരിട്ടെത്തിക്കുന്നതിനായുള്ള ഒരു ഡീവിയേഷൻ പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു.<br><br>3. കുന്നത്തുകാൽ കുടിവെള്ളപദ്ധതി<br>കുന്നത്തുകാൽ പഞ്ചായത്തിനുവേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ ആദ്യഘട്ടം 2015-ൽ കമ്മീഷൻ ചെയ്യുകയുണ്ടായി. ടി പദ്ധതിയുടെ രണ്ടാം ഘട്ട പ്രവൃത്തികൾ പൂർത്തിയായി വരുന്നു. രണ്ടാം ഘട്ടത്തിൽ കോട്ടുക്കോണത്ത് 9.15 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉപരിതല ജല സംഭരണിയുടെ നിർമ്മാണവും പൈപ്പ് ലൈൻ കൂട്ടി യോജിപ്പിക്കുന്ന പ്രവൃത്തികളുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (ബി) | കാളിപ്പാറ കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈനുകൾ പാറശ്ശാല നിയോജക മണ്ഡലത്തിലെ ഏതൊക്കെ ഗ്രാമ പഞ്ചായത്തുകളിലാണ് കുടിവെള്ള വിതരണം നടത്തുന്നത് എന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | വെള്ളറട, അമ്പൂരി, കള്ളിക്കാട് പഞ്ചായത്തുകൾ |

Renuka Sankar
**സെക്ഷൻ ഓഫീസർ**